Page 1 of 2

LIBRARY ARCHIVES Kerala Legislative Assembly

കൺസോർഷ്യത്തിലേയ്ക്കും സഹകരണ സംഘങ്ങളിൽനിന്നും ഫണ്ട് ശേഖരിച്ച് വിനിയോഗിക്കുന്നുണ്ട്. ഇപ്രകാരം KSRTC പെൻഷൻ കൺസോർഷ്യത്തിലേയ്ക്ക് തുക നിക്ഷേപിക്കുന്ന സഹകരണ സംഘങ്ങൾക്ക് 2018 ഫെബ്രുവരി മുതൽ 2021 ജൂൺ വരെ 10% നിരക്കിൽ പലിശ നൽകിയിട്ടുണ്ട്. 2021 ജൂലൈ മുതൽ 8.5% പലിശ നിരക്കിലാണ് KSRTC പെൻഷൻ കൺസോർഷ്യത്തിലേയ്ക്ക് ഫണ്ട് ശേഖരിച്ചുവരുന്നത്. സാമൂഹ്യസുരക്ഷാ പെൻഷൻ നടപ്പിലാക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള കൺസോർഷ്യത്തിലേയ്ക്ക് സഹകരണ സംഘങ്ങളിൽ നിന്നും 9% പലിശ നിരക്ക് നൽകിക്കൊണ്ട് ഫണ്ട് സ്വീകരിക്കുന്നു. സഹകരണ സംഘങ്ങളിലെ അധിക നിക്ഷേപം ഫലപ്രദമായി വിനിയോഗിക്കുന്നതിന് ലക്ഷ്യമിട്ടതിന്റെ ഭാഗമായി പ്രാഥമിക സഹകരണ സംഘങ്ങൾ അംഗങ്ങളായി സംസ്ഥാന അധികാര പരിധിയോടുകൂടിയ ഒരു ഫെഡറൽ നെല്ല് സഹകരണ സംഘവും അതിന്റെ അധീനതയിൽ കൂട്ടനാട്ടിലും അപ്പർ കൂട്ടനാട്ടിലും രണ്ട് ആധുനിക റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുള്ളതാണ്.

(സി) സഹകരണ ബാങ്കുകളും സ്ഥാപനങ്ങളും നൽകുന്ന വായ്പയുടെ നിലവിലുള്ള വ്യവസ്ഥകൾ ലഘൂകരിക്കാൻ കഴിഞ്ഞാൽ കെട്ടിക്കിടക്കുന്ന നിക്ഷേപങ്ങൾ നാടിന്റെ വികസനത്തിന് പ്രയോജനപ്പെടുത്താൻ കഴിയുമെന്ന സാമ്പത്തിക വിദഗ്ദരുടെ അഭിപ്രായം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

സഹകരണ ബാങ്കുകളിലെ ഓഡിറ്റ് സംവിധാനങ്ങൾ

240(5399) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിലെ ഓഡിറ്റ് സംവിധാനങ്ങൾ വിശദമാക്കാമോ; നിലവിലെ ഓഡിറ്റ് സംവിധാനത്തിലെ പോരായ്മകൾ പരിശോധന വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സഹകരണ ഓഡിറ്റ് ഡയറക്ടർ തസ്തികയിൽ ഇന്ത്യൻ ഓഡിറ്റ് ആൻഡ് അക്കൗണ്ട്സ് സർവ്വീസിലെ ഉദ്യോഗസ്ഥനെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സംഘങ്ങളെ ഗ്രൂപ്പുകളായി തിരിച്ച് ഗ്രൂപ്പിൽ ഉൾപ്പെടുന്ന സംഘങ്ങളുടെ പ്രവർത്തന വ്യാപ്തിക്കനുസരിച്ച് ആവശ്യമായ തസ്തികയിലുള്ള ഓഡിറ്റർമാരുടെ ടീം രൂപീകരിക്കുകയും ടീം ഓഡിറ്റ് നടത്തുന്നതുമാണ്. എല്ലാതരം സംഘങ്ങളിലും ടീം

LIBRARY ARCHIVES Kerala Legislative Assembly

ഓഡിറ്റ് സമ്പ്രദായം നടപ്പിലാക്കുന്നതാണ്. കേരള സർവ്വീസ് റൂൾസ് 156 പ്രകാരം സംഘങ്ങൾ ഓഡിറ്റർമാരുടെ തസ്തിക നിശ്ചയിച്ച് തീരുമാനമെടുത്ത് കോസ്റ്റ് അടയ്ക്കുന്ന രീതിക്ക് മാറ്റം വരുത്തി സംഘത്തിന്റെ പ്രവർത്തന വ്യാപ്തിക്കനുസരിച്ച് ഓഡിറ്റ് ഫീസ് നിശ്ചയിക്കുകയും പ്രസ്തുത ഓഡിറ്റ് ഫീസ് പ്രത്യേക ഫണ്ടിലേയ്ക്ക് സ്വീകരിച്ചുകൊണ്ട് ഓഡിറ്റർമാർക്ക് ശമ്പളം ലഭ്യമാക്കുന്ന തരത്തിൽ പുതിയ സംവിധാനം നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതുമാണ്. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതാണ്. സോഫ്റ്റ്വെയർ തയ്യാറാക്കുന്നതിന് സഹകരണ വകുപ്പ് ആരംഭിച്ചിട്ടുള്ള നടപടികൾ പരമാവധി വേഗത്തിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. വകുപ്പിലെ ഉദ്യോഗസ്ഥർക്ക് സംഘങ്ങളിൽ ഉപയോഗിക്കുന്ന സോഫ്റ്റ്വെയർ സംബന്ധിച്ച് പരിശീലനം നൽകുന്നതാണ്. ഓഡിറ്റ് കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലേയ്ക്കായി സഹകരണ നിയമം, ചട്ടം, ഓഡിറ്റ് മാന്വൽ എന്നിവയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതും സർക്കുലർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതുമാണ്. സംഘങ്ങളിൽ നിലവിലുള്ള അക്കൗണ്ടിംഗ് സമ്പ്രദായവും നിലവിലുള്ള ഓഡിറ്റ് നോട്ട്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ കാലോചിതമായും ആധുനിക അക്കൗണ്ടിംഗ് രീതികൾക്കും കമ്പ്യൂട്ടർ അധിഷ്ഠിത അക്കൗണ്ടിംഗ്, ഓഡിറ്റ് സമ്പ്രദായങ്ങൾക്കും അനുസരണമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) സഹകരണ ബാങ്കുകളിലെ ഓഡിറ്റുകൾ സർക്കാർ പരിശോധനയ്ക്ക് വിധേയമാക്കാറുണ്ടോ; എങ്കിൽ കരുവന്നൂർ ബാങ്കിലേതിന് സമാനമായ ക്രമക്കേടുകൾ കണ്ടെത്തിയ ബാങ്കുകളുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

സഹകരണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം നടത്തുന്ന ഓഡിറ്റ് റിപ്പോർട്ട് സാധാരണഗതിയിൽ സർക്കാരിന് സമർപ്പിക്കേണ്ടതില്ല.

സഹകരണ സ്ഥാപനങ്ങളുടെ ആധുനീകരണം

241(5400) ശ്രീ. പി. ടി. എ. റഹീം:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണ നിയമം പരിഷ്കരിക്കുന്നതടക്കം സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനം ആധുനീകരിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?